## കേരളീയം

# വോട്ടു ചെയ്യുന്നവന്റെ പാപം

**ക**ഥയിൽ ചോദ്യമില്ല, രാഷ്ട്രീയത്തിൽ ചോദ്യമില്ല, യുദ്ധത്തിലും ചോദ്യമില്ല, കാരണം, രാഷ്ട്രീയം ഒരു കടംകഥയാകുന്നു. യുദ്ധം രാഷ്ട്രീയമാകുന്നു.

ഇന്ത്യൻ അധീനതയിലുള്ള അതിർത്തി പ്രദേശത്ത് വിദേശികളായ നുഴഞ്ഞുകയറ്റക്കാർ തമ്പടിച്ചിരുന്നു എന്നറിഞ്ഞുകൊണ്ട് തന്നെ നമ്മുടെ പ്രധാനമന്ത്രി ലാഹോർ ബസിൽ കയറി പാകിസ്ഥാനിൽ ചെന്ന് സമാധാനം സംസാരിച്ചത് ആരെ പറ്റിക്കാനായിരുന്നു എന്നു ചോദിച്ചുകൂടാ. കാരണം, കഥയിൽ ചോദ്യമില്ല.

അതിർത്തിയിൽ കാവലാളില്ലാതെ ഒഴിച്ചിട്ടു പോന്നിട്ട്, അവിടെ കയറി സുഖതാമസമാരംഭിക്കാൻ സൗകര്യമൊരുക്കി കൊടുത്തിട്ട്, അവസാനം ചെയ്തുപോയ തെറ്റിന് പ്രായശ്ചിത്തം ചെയ്തപ്പോൾ, നഷ്ടപ്പെട്ട നാനൂറു ജവാന്മാരുടെ ജീവന് കാശെണ്ണി കൊടുത്താണോ സമാധാനം പറയേണ്ടത് എന്നു ചോദിക്കാൻ പാടില്ല. കാരണം, ഇത് ദേശസ്നേഹം എന്ന തലക്കെട്ടുള്ള കഥയാണ്. മനുഷ്യത്വത്തിന്റെ പേരിലാണ് ചോദിക്കുന്നതെങ്കിൽകൂടി ചോദിക്കുന്നവൻ രാജ്യദ്രോഹിയാകും.

മലമടക്കുകളിൽ നാലു മൊട്ടകുന്നുകൾ തിരിച്ചുപിടിക്കാൻ നാനൂറുപേരെ കുരുതികൊടുക്കേണ്ടിവന്ന വിഡ്ഢിത്തം ഒരു ചരിത്രവിജയമായി കൊട്ടിപ്പാടി തെരഞ്ഞെടുപ്പു ഗോദായിൽ അവതരിപ്പിക്കുന്നത് ആരുടെയോ തെറ്റിന് സ്വന്തം ജീവൻ നഷ്ടപ്പെടുത്തേണ്ടിവന്ന ജവാന്മാരോടുള്ള അവഹേളനമല്ലേ എന്നും ചോദിക്കരുത്. കാരണം, തെരഞ്ഞെടുപ്പും യുദ്ധമാകുന്നു. യുദ്ധത്തിൽ ചോദ്യമില്ല.

നർമദയിലെ അണക്കെട്ടുമൂലം തൊണ്ണൂറിലേറെ ദേവാലയങ്ങൾ മുങ്ങിപ്പോയിരിക്കുന്നു. ബാബ്റി മസ്ജിദ് തകർത്ത് ക്ഷേത്രം പണിയാൻ പോകുന്നവർ തന്നെയാണ് നർമദയിലെ അണക്കെട്ട് പണിയാൻ വാശിപിടിക്കുന്നതും. അവിടെ അങ്ങിനേയും ഇവിടെ ഇങ്ങിനേയും ആയതെന്തുകൊണ്ട് എന്ന് ചോദിക്കരുത്. കാരണം, രാഷ്ട്രീയത്തിൽ ചോദ്യമില്ല.

വോട്ട് ചെയ്തില്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകളുടെയും അഴിമതിയുടെയും വർഗീയതയുടെയും ഇരുമ്പുമുള്ളുകളുള്ള ചങ്ങലകൾ നിങ്ങളെ വന്നു വരിഞ്ഞുമുറുക്കുമെന്നു പറഞ്ഞ് പേടിപ്പിക്കുന്ന ദൂരദർശനിലെ പരസ്യം കണ്ടശേഷം, അഴിമതി കാട്ടാത്ത, സാമ്പത്തിക ക്രമക്കേടുകാട്ടാത്ത, വർഗീയ ചിന്തയില്ലാത്ത ഒരു കക്ഷിയേയോ സ്ഥാനാർഥിയേയോ കണ്ടുകിട്ടിയില്ലെങ്കിൽ, പിന്നെയാർക്കു വോട്ടു ചെയ്യും എന്നും ചോദിക്കരുത്. കഥയ്ക്കിടയിൽ ചോദ്യം ചോദിക്കുന്ന വിഡ്ഢിക്കുട്ടികളാവരുത്.

എങ്കിലും ഒരു ചോദ്യം. അഴിമതി നടത്തിയിട്ടില്ലാത്ത, അഴിമതി നടത്തിയവരുമായി കൂട്ടുകെട്ടുണ്ടാക്കിയിട്ടില്ലാത്ത, മണ്ഡലങ്ങളിലെ ജനസംഖ്യയിലെ ഭൂരിപക്ഷം ഏതു ജാതിക്കാരാണെന്നു നോക്കി അതേ ജാതിക്കാരായ സ്ഥാനാർഥിയെ നിർത്തിയിട്ടില്ലാത്ത, രസീത് കൊടുത്ത് പിരിച്ചെടുക്കുന്ന പണം മാത്രം തെരഞ്ഞെടുപ്പിനു ചെലവാക്കുന്ന ഏതു രാഷ്ട്രീയ പാർട്ടിയുണ്ട്, ഏതു സ്ഥാനാർഥിയുണ്ട് ഈ തെരഞ്ഞെടുപ്പിൽ? ഒരു പേരെങ്കിലും കണ്ടെത്തുക. അങ്ങനെ ഒരാളുണ്ടെങ്കിൽ കാണംവിറ്റും അയാൾക്കുവേണ്ടി പ്രവർത്തിക്കുക. അങ്ങിനെ ഒന്നില്ലെങ്കിൽ, നിങ്ങളെന്തിനു കള്ളനു കഞ്ഞിവയ്ക്കാൻ പോകണം.?

കൂട്ടത്തിൽ ഏറ്റവും കുറച്ച് അഴിമതിയാരോപണങ്ങളിൽ കുടുങ്ങിയവനാര്, ഏറ്റവും കുറച്ച് പെൺവാണിഭക്കേസുകളിൽ കുടുങ്ങിയവനാര്, 'കുറഞ്ഞ കോഴവാങ്ങി കാര്യം നടത്തിക്കൊടുക്കുന്നവനാര് എന്നിങ്ങനെയുള്ള കാര്യങ്ങൾ നോക്കി തമ്മിൽ ഭേദപ്പെട്ടതൊമ്മനെ തെരഞ്ഞെടുക്കാനാണ് നിങ്ങളുടെ തീരുമാനമെങ്കിൽ അങ്ങിനെയുമാകാം. താരതമ്യപഠനങ്ങൾക്ക് ഒരിക്കലും അവസാനമില്ല.

കൊന്ന പാപം തിന്നാൽ തീരും. വോട്ടു ചെയ്ത പാപമോ?